**സർക്കുലർ**

154/NSS/DHSE/2018 03/11/2018

ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീമിന്റെ ഈ വർഷത്തെ സപ്തദിന സഹവാസ സ്പെഷ്യൽ ക്യാമ്പ് **2018 ഡിസംബർ 22 മുതൽ 28 വരെ നടത്തേണ്ടതാണ്**. സ്പെഷ്യൽ ക്യാമ്പിനു മുന്നോടിയായി യൂണിറ്റിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട വോളണ്ടിയർമാർക്ക് ജില്ലാ തലത്തിൽ പ്രീക്യാമ്പ് ഓറിയന്റേഷൻ രണ്ടു ദിവസം സംഘടിപ്പിക്കേണ്ടതാണ്. സപ്തദിന സഹവാസ ക്യാമ്പിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ, ഗ്രൂപ്പ് തിരിക്കൽ, ചുമതലാ വിഭജനം എന്നിവ പ്രീക്യാമ്പിൽ പരിചയപ്പെടുത്തേണ്ടതാണ്. പ്രീക്യാമ്പ് ഓറിയന്റേഷനെക്കുറിച്ചുള്ള വിവരങ്ങൾക്കായി ജില്ലാ കൺവീനർ/പിഎസി അംഗങ്ങളെ ബന്ധപ്പെടേണ്ടതാണ്.

എൻഎസ്എസ് യൂണിറ്റുകൾ സപ്തദിന സഹവാസസ്പെഷ്യൽ ക്യാമ്പ് പ്രൊപ്പോസലിന്റെ രണ്ടു കോപ്പി പിഎസി അംഗങ്ങൾക്ക് നൽകേണ്ട അവസാന തീയതി **2018 നവംബർ 20** ആണ്. പിഎസി അംഗങ്ങൾ പ്രൊപ്പോസലിന്റെ ഒരു കോപ്പി 2018 നവംബർ 25 ന് മുൻപായി ജില്ലാകൺവീനർക്ക് നൽകേണ്ടതാണ്. ജില്ലാകൺവീനർമാർ ക്രോഡീകരിച്ച പ്രൊപ്പോസലുകളുടെ സോഫ്റ്റ് കോപ്പി ചുവടെ ചേർക്കുന്ന ഫോർമാറ്റിൽ 2018 നവംബർ 30 ന് മുൻപായി എൻഎസ്എസ് സെല്ലിലേയ്ക്കും മേഖലാ കൺവീനർമാർക്കും ഇമെയിൽ മുഖാന്തിരം അയയ്ക്കേണ്ടതും പിഎസി അംഗങ്ങളിൽ നിന്നും ലഭിച്ച പൊപ്പോസലുകൾ എൻഎസ്എസ് സെല്ലിൽ ലഭ്യമാക്കേണ്ടതുമാണ്. സംസ്ഥാന പോലീസ് മേധാവി, എൻഎസ്എസ് റീജണൽ ഡയറക്ടർ, സ്റ്റേറ്റ് എൻഎസ്എസ് ഓഫീസർ, ഹയർ സെക്കണ്ടറി റീജണൽ ഡെപ്യൂട്ടി ഡയറക്ടർമാർ എന്നിവർക്ക് ക്യാമ്പിന്റെ വിവരങ്ങൾ നൽകേണ്ടതിനാൽ റീജണൽ കൺവീനർമാരും ജില്ലാ കൺവീനർമാർ സ്പെഷ്യൽ ക്യാമ്പിന്റെ കൃത്യത (ദൂര പരിധി, അധ്യാപക പങ്കാളിത്തം) ഉറപ്പുവരുത്തേണ്ടതാണ്.

ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീമിന്റെ 2017 ഡിസംബറിലെ സപ്തദിന ക്യാമ്പിൽ പങ്കെടുക്കാൻ സാധിക്കാത്ത എൻറോൾമെന്റ് ലിസ്റ്റിൽ ഉൾപ്പെട്ട വോളണ്ടിയർമാർ 2018 ഡിസംബറിലെ സപ്തദിന ക്യാമ്പിൽ ഉൾപ്പെടുത്തുന്നതിനായി എൻഎസ്എസ് സെല്ലിൽ നിന്നും പ്രത്യേക അനുവാദം വാങ്ങേണ്ടതാണ്. സ്പെഷ്യൽ ക്യാമ്പിൽ ഉൾപ്പെടുത്തേണ്ട വോളണ്ടിയർമാരുടെ വിവരവും 2017 ഡിസംബറിലെ സ്പെഷ്യൽ ക്യാമ്പിന്റെ അറ്റൻഡൻസിന്റെ പകർപ്പും എൻറോൾമെന്റിന്റെ പകർപ്പും , 2017-18 , 2018-19 ലെ റെഗുലർ ആക്ടിവിറ്റി അറ്റൻഡൻസിന്റെ പകർപ്പും വോളണ്ടിയറിനു പങ്കെടുക്കാൻ സാധിക്കാത്തതിനുള്ള കാരണവും(മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പകർപ്പ്) **2018 നവംബർ 15 ന്**

മുൻപായി എൻഎസ്എസ് സെല്ലിൽ ലഭ്യമാക്കേണ്ടതാണ്. 2018 നവംബർ 15 ന് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. മുൻ വർഷങ്ങളിൽ ക്യാമ്പിൽ പങ്കെടുത്ത വോളണ്ടിയർമാരെ യാതൊരു കാരണവശാലും ക്യാമ്പുകളിൽ പങ്കെടുപ്പിക്കാൻ പാടില്ല.

**ഹരിതം/അഭയം**

**സ്പെഷ്യൽ ക്യാമ്പിന്റെ പ്രമേയമായി ഹരിതം അല്ലെങ്കിൽ അഭയം തെരഞ്ഞെടുക്കേണ്ടതാണ്. ക്യാമ്പ് നോട്ടീസിൽ തെരഞ്ഞെടുത്ത പ്രമേയം ഏതാണെന്ന് രേഖപ്പെടുത്തണം.**

**ഹരിതം-** ജൈവകൃഷി, കമ്പോസ്റ്റ് കുഴി നിർമ്മാണം, വീടുകളെ പ്ലാസ്റ്റിക് മുക്തമാക്കൽ, ജൈവവൈവിധ്യ ഉദ്യാനം, ജല സ്രോതസ്സുകളുടെ ശുചീകരണം(ബോധവൽക്കരണം, കിണർ ക്ലോറിനേഷൻ ഉൾപ്പെടെ ).

**അഭയം** – വീടുകൾ, ശൗചാലയങ്ങൾ, കാത്തിരിപ്പുകേന്ദ്രങ്ങൾ, ലൈബ്രറി, അംഗൻവാടി തുടങ്ങിയവയുടെ നിർമ്മാണവും പുനരുദ്ധാരണവും. അഭയം പ്രോഗ്രാമനുസരിച്ച് ആരംഭിക്കുന്ന പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിന് ക്യാമ്പിനു ശേഷമുള്ള സൗകര്യപ്രദമായ ദിനങ്ങൾ ഉപയോഗിക്കാവുന്നതാണ്.

**സുഭിക്ഷം, സമദർശൻ, അക്ഷരദീപം തുറന്ന വായന ശാല**

സുഭിക്ഷം, സമദർശൻ, അക്ഷരദീപം തുറന്ന വായന ശാല എന്നിവ സ്പെഷ്യൽ ക്യാമ്പിന്റെ പ്രത്യേക പ്രവർത്തനമായി മുഴുവൻ യൂണിറ്റുകളും നിർബന്ധമായും നടപ്പിലാക്കേണ്ടതാണ്.

**സുഭിക്ഷം**

ക്യാമ്പ് സംഘടിപ്പിക്കുന്ന വിദ്യാലയത്തിന്റെ സമീപത്തുള്ള ഇരുപത്തിയഞ്ചു വീടുകളിൽ എങ്കിലും അംഗങ്ങളുടെ സഹകരണത്തോടെ അടുക്കളത്തോട്ടം നട്ടുപിടിപ്പിക്കാനുള്ള പ്രവർത്തനം നടത്തേണ്ടതാണ്. അതിന് ആവശ്യമായ ഒരുക്കങ്ങൾ പ്രദേശത്തെ കൃഷിഭവനുകളുമായി ബന്ധപ്പെട്ട് ഇപ്പോൾ ആരംഭിക്കേണ്ടതാണ്. പ്രവർത്തനങ്ങളുടെ മുന്നൊരുക്കങ്ങൾ പിഎസി അംഗങ്ങളെയും ജില്ലാ കൺവീനർമാരെയും അറിയിക്കേണ്ടതാണ്. ക്യാമ്പിനുശേഷം അടുക്കളത്തോട്ടത്തിന്റെ നിലനിൽപ്പ് യൂണിറ്റ് ഉറപ്പുവരുത്തേണ്ടതാണ്.

**സമദർശൻ**

സമദർശൻ (ജൻഡർ) ബോധവൽക്കരണ പരിപാടി, പ്രവർത്തനങ്ങൾ എന്നിവ സംഘടിപ്പിക്കേണ്ടതാണ്. ( തുടർന്നുള്ള സർക്കുലർ കാണുക)

**അക്ഷരദീപം തുറന്ന വായനശാല**

ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീം നടപ്പിലാക്കി വരുന്ന അക്ഷരദീപം തുറന്ന വായനശാലയ്ക്കുള്ള പുസ്തകങ്ങൾ എല്ലാ യൂണിറ്റുകളും 26/12/2018 ന് (ക്യാമ്പിന്റെ അഞ്ചാമത്തെ ദിവസം) ശേഖരിക്കേണ്ടതാണ്. തുറന്ന വായനശാലയുടെ ഉദ്ഘാടനം സപ്തദിന ക്യാമ്പിനു ശേഷം എൻഎസ്എസ് സെല്ലിൽ നിന്നും അറിയിക്കുന്ന തീയതിയിൽ നടത്തേണ്ടതാണ്.

ചുവടെ ചേർക്കുന്നവയിൽ ഏതെങ്കിലും രണ്ടെണ്ണം എല്ലാ സപ്തദിന ക്യാമ്പുകളിലും നടപ്പിലാക്കാവുന്നതാണ്.

1. ആരോഗ്യരംഗം
2. വിദ്യാഭ്യാസവും തൊഴിൽ നൈപുണ്യവും
3. മാലിന്യ വിമുക്ത ഗ്രാമം (Swach Gramam)

1 ആരോഗ്യരംഗം - സൗജന്യ മെഡിക്കൽ ക്യാമ്പുകൾ, അവയവദാന ബോധവൽക്കരണം, രക്തദാന ക്യാമ്പ്, സൗജന്യ ജീവിതശൈലീരോഗ നിർണ്ണയ ക്യാമ്പ്, ജങ്ക് ഫുഡിനെതിരെയുള്ള ബോധവൽക്കരണം(ജങ്ക് ഫുഡ് നിരോധിക്കുന്നതിനും ശുദ്ധവും സമീകൃതവുമായ ആഹാരം ശീലമാക്കുന്നതിനും യോഗ, വ്യായാമം എന്നിവ നിത്യജീവിതത്തിൽ സ്വീകരിക്കുക)എന്നിവ

2 വിദ്യാഭ്യാസവും തൊഴിൽ നൈപുണ്യവും - സോപ്പ് നിർമ്മാണം, ലോഷിൻ നിർമ്മാണം, കമ്പോസ്റ്റ് വളം നിർമ്മാണം, പേപ്പർ ബാഗ് നിർമ്മാണം, തുണി ബാഗ് നിർമ്മാണം, കുട നിർമ്മാണം, എൽഇഡി ബൾബ് നിർമ്മാണം, ആഭരണ നിർമ്മാണം, എന്നിവ

3 മാലിന്യ മുക്ത ഗ്രാമം(Swach Gramam) - സ്പെഷ്യൽ ക്യാമ്പ് നടക്കുന്ന പ്രദേശത്തെ മാലിന്യമുക്തമാക്കാൻ വേണ്ടി പ്രദേശവാസികളുമായി ചേർന്ന് പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതാണ്. ശുചിത്വ മിഷന്റെ ട്രെയിനിംഗ് ലഭിച്ചവർ ടി പ്രവർത്തനങ്ങൾ ക്യാമ്പിൽ പ്രാവർത്തികമാക്കേണ്ടതാണ്.

തെരഞ്ഞെടുത്ത വിഷയത്തെ ആധാരമാക്കി കായിക പ്രവർത്തനങ്ങളും ബോധ വൽക്കരണ കർമ്മ സർഗ്ഗപ്രവർത്തനങ്ങളും കണ്ടെത്തി സമന്വയിപ്പിക്കണം. ക്യാമ്പ് ദിനം ആരംഭിക്കുന്നത് എൻഎസ്എസ് ഗീതത്തോടെ ആയിരിക്കണം. എല്ലാ ദിവസവും ഉച്ചവരെ കായികകർമ്മ പരിപാടികൾക്കായി നീക്കി വയ്ക്കണം. എല്ലാ പ്രവർത്തനങ്ങളുടെയും ഡോക്യുമെന്റേഷൻ കൃത്യമായി ചെയ്യുവാൻ വോളണ്ടിയർമാരെ ചുമതലപ്പെടുത്തണം. സ്പെഷ്യൽ ക്യാമ്പിൽ താമസത്തിനും ഭക്ഷണത്തിനും മിതത്വം പാലിക്കണം. വോളണ്ടിയർമാർ ക്യാമ്പിൽ തയ്യാറാക്കിയ ഭക്ഷണം മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. സ്കൂൾ ക്യാന്റീൻ, ഹോട്ടൽ എന്നിവിടങ്ങളിൽ നിന്നുള്ള ഭക്ഷണ സാധനങ്ങൾ ക്യാമ്പിൽ വിതരണം ചെയ്യാൻ പാടില്ല. സ്പോൺസർഷിപ്പ് ആയി ലഭിക്കുകയാണെങ്കിൽ സാധനങ്ങൾ വാങ്ങി ഭക്ഷണം ക്യാമ്പിൽ തയ്യാറാക്കേണ്ടതാണ്. സമീപ പ്രദേശത്തെ നദികൾ, കുളങ്ങൾ എന്നിവിടങ്ങളിൽ വോളണ്ടിയർമാർ കുളിയ്ക്കാനോ, അപകടകരമായ പ്രവർത്തനങ്ങളിൽ ഏർപ്പെടാനോ പാടില്ല. നദി, കുളം, കനാൽ എന്നിവയുടെ ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർ വിദഗ്ധരുടെ സഹായത്തോട പ്രോഗ്രാം ഓഫീസറുടെയും റസിഡൻസ് അസോസിയേഷൻ ഭാരവാഹികളുടെയും

സാന്നിധ്യത്തിൽ അപകടരഹിതമായി പ്രവർത്തനത്തിൽ ഏർപ്പെടാവുന്നതാണ്. **സ്പെഷ്യൽ ക്യാമ്പിൽ പങ്കെടുക്കുന്ന വോളണ്ടിയർമാരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുള്ള ചുമതല പ്രിൻസിപ്പലിനും പ്രോഗ്രാം ഓഫീസറിനുമായിരിക്കും.** സ്പെഷ്യൽ ക്യാമ്പ് പ്രൊപ്പോസലിൽ പേര് നൽകിയിട്ടുള്ള അധ്യാപകർ മാത്രമേ ക്യാമ്പിൽ പങ്കെടുക്കാൻ പാടുള്ളൂ.

വോളണ്ടിയർമാരെ 5 ഗ്രൂപ്പുകളായി തിരിയ്ക്കണം.(Mess Committee, Programme Committee, Project Committee, Cultural Programme & General Discipline Committee, Reception and Guest Committee). ഓരോ ഗ്രൂപ്പിനും ഓരോ ലീഡർമാരെ തെരഞ്ഞെടുക്കണം. ഓരോ ദിവസവും ഗ്രൂപ്പുകൾക്ക് ചുമതല മാറ്റി നൽകേണ്ടതാണ്. വോളണ്ടിയർമാർക്കൊപ്പം ക്യാമ്പ് ഡ്യൂട്ടിയിലുള്ള അധ്യാപകരും ക്യാമ്പിൽ താമസിയ്ക്കേണ്ടതും ക്യാമ്പിലെ നിയമങ്ങൾ അനുസരിയ്ക്കേണ്ടതുമാണ്.

## Suggestive Model Schedule

| | | |
|---|---|---|
| 1. | Waking Up - | 5 am |
| 2. | Morning Assembly(NSS song and Pledge) and Physical Exercises | 6 am to 7 am |
| 3. | Break Fast and Collection of tools etc. | 7 am to 8am |
| 4. | Project work | 8 am to 1 pm |
| 5. | Personal Hygiene & Lunch | 1 pm to 2 pm |
| 6. | Rest | 2pm to 3pm |
| 7. | Talks by eminent visitors followed by discussion/ Community visit | 3pm to 5 pm |
| 8. | Recreation and socio – cultural programmes | 5pm to 7 pm |
| 9. | Dinner | 7 pm to 8pm |
| 10. | Review of Day's Work & Planning of next days programme | 8pm to 9.30pm |
| 11. | Light Off | 10 pm |

ഫീൽഡ് ട്രിപ്പുകൾ, പഠനയാത്രകൾ, സർവ്വേ എന്നിവ എൻ.എസ്സ്.എസ്സിന്റെ ദൈനംദിന പ്രവർത്തനങ്ങളാണ്. അവ ക്യാമ്പ് ദിനങ്ങളിൽ സംഘടിപ്പിക്കാൻ പാടില്ല. **അതേ സ്കൂളിലോ അനുബന്ധ സ്ഥാപനങ്ങളിലോ, യൂണിറ്റുകൾ പരസ്പരം മാറിയോ, അനാഥാലയം, വൃദ്ധസദനം, ബോർഡിംഗ് സ്കൂൾ എന്നിവിടങ്ങളിൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നവർക്ക് എൻഎസ്എസ് സർട്ടിഫിക്കറ്റും ഗ്രേസ്സ് മാർക്കും ലഭിക്കുന്നതല്ല. ഒന്നിലധികം യൂണിറ്റുകൾ ചേർന്ന് കമ്പയിൻഡ് ക്യാമ്പിംഗ് അനുവദിക്കുന്നതല്ല.** സ്പെഷ്യൽ ക്യാമ്പിനായി സ്ഥലം തെരഞ്ഞെടുക്കുമ്പോൾ സ്വന്തം സ്കൂളിൽ നിന്നും മൂന്നു കിലോമീറ്റർ

അകലെയും 20 കിലോ മീറ്ററിന് അകത്തും ആയിരിക്കണം. മറ്റു ജില്ലകളിൽ ക്യാമ്പ് നടത്താൻ അനുവദിക്കുന്നതല്ല. ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീമിന്റെ ആഭിമുഖ്യത്തിൽ ഉദ്ഘാടനം ചെയ്യപ്പെട്ട പദ്ധതികൾ സ്പെഷ്യൽ ക്യാമ്പിൽ വ്യാപിപ്പിക്കാവുന്നതാണ്. **സ്പെഷ്യൽ ക്യാമ്പിൽ അധ്യാപികമാരുടെയും അധ്യാപകരുടെയും സാന്നിദ്ധ്യവും സഹകരണവും പ്രിൻസിപ്പൽമാർ പ്രത്യേകം ഉറപ്പു വരുത്തേണ്ടതാണ്. എൻറോൾമെന്റ് ലിസ്റ്റിൽ ഉൾപ്പെട്ടവർ മാത്രമേ സ്പെഷ്യൽ ക്യാമ്പിൽ പങ്കെടുക്കുന്നുള്ളൂവെന്ന് പ്രോഗ്രാം ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്.** സ്പെഷ്യൽ ക്യാമ്പ് നടത്തുന്നതിനായി പൊതുജനങ്ങളിൽ നിന്നോ രക്ഷകർത്താക്കളിൽ നിന്നോ പണപ്പിരിവ് പാടില്ല.

സപ്തദിനസഹവാസ ക്യാമ്പിൽ പ്രോഗ്രാം ഓഫീസർ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. പ്രോഗ്രാം ഓഫീസർമാർ മറ്റ് അധ്യാപക/അനധ്യാപകർക്ക് ക്യാമ്പ് ചുമതല കൈമാറി ക്യാമ്പിൽ നിന്ന് വിട്ടു നിൽക്കാൻ പാടില്ല. ക്യാമ്പിൽ മറ്റ് അധ്യാപകരെ പ്രിൻസിപ്പൽമാർ നിയോഗിച്ചിട്ടുണ്ടെന്ന് പിഎസി അംഗങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്. അത്യാവശ്യഘട്ടത്തിൽ ക്യാമ്പിൽ നിന്ന് വിട്ടുനിൽക്കേണ്ട സന്ദർഭം ഉണ്ടായാൽ പിഎസി അംഗത്തെയോ/ജില്ലാ പ്രോഗ്രാം കൺവീനറയോ അറിയിച്ച് അനുമതി വാങ്ങേണ്ടതാണ്.

ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ, പോലീസ്, ആശുപത്രി, ജനപ്രതിനിധികൾ, സന്നദ്ധ സംഘടനകൾ, ക്യാമ്പ് പ്രദേശത്തെ പ്രമുഖ വ്യക്തികൾ എന്നിവരെ സ്പെഷ്യൽ ക്യാമ്പ് മുൻകൂട്ടി അറിയിക്കേണ്ടതാണ്. സമീപ പോലീസ് സ്റ്റേഷന്റെയും ആശുപത്രിയുടെയും വിവരം ക്യാമ്പിൽ പ്രദർശിപ്പിയ്ക്കേണ്ടതാണ്.

ഓരോ ക്യാമ്പിനും രണ്ടു ബാനർ ഉണ്ടായിരിക്കേണ്ടതും ഒരു ബാനർ ക്യാമ്പിലേയ്ക്കും മറ്റൊരു ബാനർ പൊതുജനങ്ങൾക്ക് വ്യക്തമായി കാണുന്നവിധത്തിലും ക്യാമ്പിലേയ്ക്കുള്ള പ്രവേശന കവാടത്തിലും ആയിരിക്കണം. ബാനറിൽ ക്യാമ്പിന്റെ തീയതി, സ്ഥലം എന്നിവ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. സ്പെഷ്യൽ ക്യാമ്പിനു മുൻപായി സ്വാഗതസംഘം രൂപീകരിച്ച് പ്രവർത്തനങ്ങൾ തീരുമാനിയ്ക്കേണ്ടതാണ്.

2018 ഡിസംബർ 22 ന് രാവിലെ 10 മണിക്ക് ക്യാമ്പ് ആരംഭിക്കുകയും 28 ന് ഉച്ച ഭക്ഷണത്തിനു ശേഷം സമാപന സമ്മേളനത്തോടെ ക്യാമ്പ് അവസാനിപ്പിയ്ക്കേണ്ടതാണ്. ഹയർ സെക്കണ്ടറി ഡയറക്ടർ, ജോയിന്റ് ഡയറക്ടർമാർ, എൻഎസ്എസ് റീജണൽ ഡയറക്ടർ, സ്റ്റേറ്റ് എൻഎസ്എസ് ഓഫീസർ, ഹയർ സെക്കണ്ടറി ഡെപ്യൂട്ടി ഡയറക്ടർമാർ, റീജണൽ ഡെപ്യൂട്ടി ഡയറക്ടർമാർ, സ്റ്റേറ്റ് എൻഎസ്എസ് സെല്ലിലെ ഉദ്യോഗസ്ഥർ, റീജണൽ പ്രോഗ്രാം കൺവീനർമാർ, ജില്ലാ കൺവീനർമാർ, പിഎസി അംഗങ്ങൾ എന്നിവർ ക്യാമ്പ് സന്ദർശിക്കുന്നതാണ്.

ഒപ്പ്

ഡോ.ജേക്കബ് ജോൺ
പ്രോഗ്രാം കോ ഓഡിനേറ്റർ

# DIRECTORATE OF HIGHER SECONDARY EDUCATION
# NATIONAL SERVICE SCHEME

## PROPOSAL FOR ORGANISING SPECIAL CAMPING PROGRAMME

1. District :

2. Name of the school and Phone Number :

3. Unit Number :

4. Name of Principal with Mobile Number :

5.Name of Programme Officer with Mobile Number :

6. Names of Female Teachers deputed :

7.Names of Male Teachers deputed :

8. Name of adopted village :

9. Place of Camping with full address :

10. Distance from the school and camping place :

11. Camp date From To

12. No.of volunteers selected : Male Female Total

13. Route to camp (from nearest railway station &
bus stand) :

14. Selected theme :

15. Agencies/Departments contacted and
Proposed to be involved :

16. Innovative Programmes :

17. Any other information :

Signature of the Programme Officer
( With date )

Signature of the Principal
( with date )

| Name of District | | | | | | |
|---|---|---|---|---|---|---|
| Sl. No. | Name of school & Phone number | Name of programme officer with phone number | Name of Principal with Phone number | Adopted village | Travel Route | Date , Place & venue of camp |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |